**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *312 — 17.10.2016 ൽ മറുപടിക്ക്

## ജനപക്ഷ ആരോഗ്യ നയം

| ചോദ്യം<br>ശ്രീ.കാരാട്ട് റസാഖ്<br>,, എ.എം. ആരിഫ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് പ്രാഥമിക തലത്തിൽ ഫലപ്രദമായ ചികിത്സ ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | ചികിത്സാ രംഗത്ത് പൊതുമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുമുള്ള ഒട്ടനവധി പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മെച്ചപ്പെട്ട രീതിയിൽ ആരോഗ്യ പരിരക്ഷ ഉറപ്പ വരുത്താനുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിലെ എല്ലാ ആളുകൾക്കും താങ്ങാവുന്ന ചെലവിൽ ചികിത്സ ഉറപ്പാക്കി ചികിത്സാവകാശം ലഭ്യമാക്കാനുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (സസ്റ്റെനബിൾ ഡെവലപ്മെന്റ് ഗോൾസ്) (എസ്.ഡി.ജി) അടിസ്ഥാനമാക്കി കേരളത്തിലെ ആരോഗ്യ രംഗത്തെ വികസന ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ട് അതിനനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും സൗകര്യങ്ങൾ ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനും (സ്റ്റാൻഡഡൈസേഷൻ) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പോരായ്മകൾ പരിഹരിക്കുന്നതിനും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള കാര്യങ്ങൾ സജീവ പരിഗണനയിലാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികളും ത്വരിതഗതിയിലാണ്. |

| | | | |
|---|---|---|---|
| സി) | സ്വകാര്യമേഖലയെക്കൂടി സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ടു വന്ന് ജനപക്ഷ ആരോഗ്യ നയം രൂപപ്പെടുത്താൻ സാധിക്കുമോ? | (സി) | സ്വകാര്യ മേഖലയുടെ സാമൂഹ്യ നിയന്ത്രണം ലക്ഷ്യമിട്ടിട്ടുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിന് ഒരു ആരോഗ്യ നയം രൂപീകരിക്കുന്നതിനുള്ള ഒരു വിദഗ്ധ സമിതി 22.08.2016 ലെ സ.ഉ.(സാധാ) നം.2326/16/ആ.ക.വ ഉത്തരവു പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതുതായി രൂപം നൽകുന്ന ആരോഗ്യ നയം ആരോഗ്യ രംഗത്തെ ഭാവി പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശിയായി മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ